# e- അക്ഷരി

## അകത്താളുകളിൽ

ആശംസ........3
ആശംസ........4
ആശംസ........5
ഹൃദയ കാഴ്ച്ച........6
മഴക്കാലം........7
നിലയ്ക്കാത്ത രോദനം........9
മുറിവേറ്റവൾ........11
വേദന തൻ മുറിവ്........12
മഴയോർമ്മ........13
ഞങ്ങളുടെ പ്രതീക്ഷ........14
മുറിവേറ്റ ഭൂദേവി........15
ഇരുളിലും നീയാണമ്മ........17
വിശപ്പ്........19
ചോദിക്കുന്നവൾ അമ്മയോട്........20
പാവം വൃദ്ധന്റെ വിശപ്പ്........21
മാതൃത്വത്തിന്റെ നൊമ്പര ഭാവങ്ങൾ........22
തീരാത്ത നൊമ്പരം........23
പിഞ്ചുബാല്യത്തിന്റെ നൊമ്പരം........24
പിറന്നാൾ സമ്മാനം........25
ആൽബം........26

# ആശംസ

ലിറ്റിൽകൈറ്റസ് യൂനിറ്റിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.

ഇതിന് വേണ്ടി പ്രയത്നിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ.

പ്രമോദ്കുമാർ ആലപ്പടമ്പൻ
ഹെഡ്മാസ്റ്റർ

## ആശംസ

ലിറ്റിൽകൈറ്റസ് യൂനിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന

ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.

ഇതിന് വേണ്ടി പ്രയത്നിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ.

ടി.വി. രാജൻ

PTA പ്രസിഡണ്ട്

# ആശംസ

ലിറ്റിൽകൈറ്റസ് യൂനിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന
ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.
ഇതിന് വേണ്ടി പ്രയത്നിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ.

ധന്യ
എം പി ടി എ പ്രസിഡണ്ട്

# ഹൃദയ കാഴ്ച്ച



മണി പറവകളെ.......

ചിരി അകലുകയോ.....

മനം കുളിരുകയോ.......

എൻ മനസ്സിലെ കുഞ്ഞുശലഭമോ

നിൻ മനസ്സിലെ വർണ്ണശലഭമോ

ഒന്ന് പാറിപ്പറക്കാൻ മോഹമോ

എൻ ഹൃദയമായ പൂന്തോട്ടത്തിൽ പൂ ഒന്ന് തേടിയോ

നണക്കുഴിയായി മാറിയോ......

കാറ്റിലാടി ഉലഞ്ഞുനിൽക്കും മാവിൻ കൊമ്പത്ത്

തൂങ്ങിനിൽക്കും മാമ്പഴത്തിൽ ചിരി ഒന്ന് കേൾക്കാമോ

ചിരി ഒന്ന് കേൾക്കാമോ

മലരായ് ഒഴുകും പുഴയിൽ ശലഭമായി പാറി നടക്കാൻ ഒരു മോഹമോ


ഒരു മോഹമോ

നിൻ ചിത്ര രൂപങ്ങൾ ദർപ്പണങ്ങളിൽ പതിയുമ്പോൾ ചിരി എന്നും അകലെയോ

പുഞ്ചിരി തൂകുവാൻ ആശയുണ്ട് എന്നാലും ആശയുണ്ട് എന്നാലും

ദേവനന്ദ

# മഴക്കാലം



മഴക്കാലം വന്നെ ഞാൻ ഓടിയെത്തി

മഴയത്ത് കളിക്കാൻ വഞ്ചിഉണ്ടാക്കാൻ

മണ്ണിൽ പുതുമണം ആകെ

പരന്നു

ഞാനേടിയെത്തി മഴയത്ത്

കളിക്കാൻ

മഴപെയ്ത് കുളത്തിൽ വെള്ളം നിറഞ്ഞു

മിന്നുകൾ തുള്ളി കളിക്കാൻ തുടങ്ങി തവളകൾ

പാട്ട് പാടാൻ തുടങ്ങി

ഞാൻ ഓടിയെത്തി മഴയത്ത് കളിക്കളിക്കാൻ

അമ്മ യെടിയെത്തി എന്നെ അടിക്കാൻ

പുത്തൻ ഉടുപ്പും പുത്തൻ

പാഠം പുസ്തകങ്ങളാൻ

ഞാൻ ഓടിയെത്തി പള്ളികുടത്തിൽ

പാഠം പുസ്തകത്തിന്റെയും

ഉടുപ്പിൽ പുത്തൻ മണം

പരന്നു മുറികൾ മുഴുവൻ

കളിച്ചും കുട്ടികൾ

ഉത്സാഹത്തോടെ  ക്ലാസിൽ

ഇരുന്നു

മഴയത്ത് തവളകൾ പാട്ട് പാടി

മഴയത്തി മീനുകൾ നൃത്തം ചെയ്തു

മഴപെയ്തു മാനം തെളിഞ്ഞു മഴയത്ത് കുട്ടികൾ പാട്ട് പാടി

മഴക്കാലം വന്നെ ഞാൻ ഓടിയെത്തി മഴയത്ത് കളിക്കാൻ ഞാൻ ഓടിയെത്തി

_____________________

_________

_____

# നിലയ്ക്കാത്ത രോദനം



എന്തുകൊണ്ടാണ് നീ മൂകമായ്  പുലരിയിൽ...

നിന്റെ ഹൃദയത്തിൻ വിതുമ്പുന്ന നോവുമായി...

നിന്റെ രോദനം അലകടലിൻ ഗർജനമായി...

വേളയിൽ എന്തിനു നീ മൂകമായി....

നിന്നെ കാർന്നുതിന്നുന്ന യന്ത്രക്കരങ്ങളെ

കണ്ടില്ലെന്ന് നടിക്കുന്നതെ ന്തുകൊണ്ടാണ് നീ?

മനമാകെ തീക്കടൽ ജ്വാലയായി ഇന്നു നീ

പ്രളയത്തിൻ വിത്തുകൾ വാരി വിതറി നാം

വനരോദനങ്ങൾ ഇടയ്ക്കിടെ മുഴങ്ങുന്നു കാതിൽ

പണിതുകൂട്ടിയ രമ്യ ഹർമ്യ കൃഷി നിലങ്ങൾ നികത്തി നാം

നിൻ ദാഹനീരതുമൂറ്റി വിറ്റു നേടി കോടികളിന്നു നാം

ഭൂമി തന്നുടെ നിലവിളി അതു കേട്ടതില്ല അന്നു നാം

പ്രകൃതി തന്നുടെ സങ്കടം അണനിറഞ്ഞൊരു  നാളിൽ നാം

പകച്ചു പോയി പ്രളയം എന്നൊരു മാരി തന്നുടെ നടുവിൽ നാം

നിന്റെ മുറിവിൽ നിന്നൊഴുകുന്ന ചടുലമാം ചോരയുടെ പ്രതിരൂപമാണോ പ്രളയമായ് ഭവിച്ചത്?

ജാതി ചിന്തകൾ വർഗ്ഗ വൈരികൾ ഒക്കെയന്നു മറന്ന നാം

ഇനിയൊരിക്കൽ ഒരു ഒത്തുചേരലിൽ ഒരു ദുരന്തം കാക്കണോ?

നിന്റെ ശാന്തമാം ഭാവത്തിൽ വ്യതിചലിച്ചിന്നു നീ

കാളിയസംഹാര രൂപി യായി ജ്വലിച്ചു നീ!

മനുഷ്യഹൃദയം കറുത്ത കടലായ്

മനുഷ്യൻ മനുഷ്യനെ നിർഭയമായി വധിക്കുന്ന ലോകമാണിന്ന്  നമ്മുടെ ലോകം

തിളങ്ങുന്ന സൂര്യനെ മറയ്ക്കുന്ന കാർമേഘം പോലെ

മനുഷ്യനന്മയെ ഇല്ലായ്മ ചെയ്യുന്ന കറുത്ത കരങ്ങളായി ഇന്നു ലഹരികൾ...

ഇന്നു നീ മൂകമായ്.... നാളെ നീ രൗദ്രമായി...

ഉഗ്രരൂപിണിയായി താണ്ഡവമാടി നീ

മുറിവേറ്റ പക്ഷിയുടെ രോദനം ഇന്നൊരു

തീരാത്ത നഷ്ടമായി പിടിച്ചുലയ്ക്കുന്നു....

നിന്റെ കണ്ണുകൾ ഞങ്ങൾ ചൂഴ്ന്നെടുത്തു

നിന്റെ ഹൃദയത്തിൻ ആണികൾ തറച്ചുകയറ്റി

എന്നു അവസാനിക്കും ഈ ക്രൂരതകൾ?

എങ്കിലും ഒന്നു നിശ്ചയം

നിന്റെ അന്ത്യശ്വാസവും തിരിച്ചടിയാവും....

നിന്റെ വേദനയ്ക്ക് ഒരു അന്ത്യമുണ്ടാകുമോ?

**ശ്രീലക്ഷ്മി**

# മുറിവേറ്റവൾ

മുറിവോടെ അവളെൻ്റെ അരികിലെത്തി അവളെന്നെ ആർദ്രമായി പുണർന്നു

അവളൊരു ധാരയായി പെയ്തൊഴിഞ്ഞു

ആ കണ്ണീരിൻ നനവിൽ ഞാനലിഞ്ഞു

കഷ്ടമാം കൂരിരുൾ കാലം നീങ്ങി

മഴയും പേമാരിയും മെല്ലെ നീങ്ങി

അവളൊരു കുഞ്ഞു പൂവായ് വിരിഞ്ഞു.

അതിലറിയാതെ ഞാനും പൂവണിഞ്ഞു.

അവളൊരു തീക്കനൽ ജ്വാലയായി ആ ജ്വാലയിൽ നാടും വിറങ്ങിലിച്ചു.



അവളൊരു നാടിൻ തേങ്ങലായി

ഏങ്ങലായി ഉയിരായി ഉശിരുമായി

നാട്ടിൻ ഗതിയെ പുതിയ താക്കി

ഇനിയുമീ നാട്ടിൽ മുറിവേറ്റവരാരും

വേണ്ടെന്നവൾ നയം വ്യക്തമാക്കി.

അവളാടിൻ കരുത്തുമായി

കരുത്താർന്ന ധീര വനിതയായി

നാടിനെത്തന്നെ മാറ്റി മുറിച്ചു കൊണ്ടവളാ കരുത്ത് തുറന്നു കാട്ടി.

അവളുടെ അന്നത്തെ ആ കരുത്തിൽ

നാടും അറിയാതെ മയങ്ങി നിന്നു.

ഇനിയുമീ നാട്ടിൽ മുറിവേറ്റവരാരും

വേണ്ടെന്നവൾ നയം വ്യക്തമാക്കി.

ആർദ്ര ആർ

# വേദന തൻ  മുറിവ്



ഉയരുന്നൊരാ തേങ്ങലിൽ
ഞാനറിയുന്നു നിൻ വേദന
ആഴത്തിലുള്ളൊരാ മുറിവിനെ
ഉണക്കാൻ സാധിക്കുമോ നിനക്കീ ജന്മം

കരത്തിലെ മുറിവിനെ ഉണക്കുവാൻ
കഴിയുമെങ്കിലും മനസിലെ മുറിവിനെ
ഉണക്കുവാൻ കഴിയില്ല
നിൻ  മരണം വരെയും

ഹൃദയമാം കൂട്ടിൽ
സൂക്ഷിച്ച്  വച്ചൊരാ
വേദന തൻ  വിഷത്തിൽ
പുരണ്ടൊരാ  ദിനങ്ങൾ

ഓർക്കുവാൻ മോഹിക്കേണ്ട
എനിയി ജന്മത്തിൽ നീ

സൂര്യ വി

# മഴയോർമ്മ

മഴ വരുന്നേ...

മഴ വരുന്നേ. ആകാശംകരിനീലയിൽ തണുത്തിരിക്കുന്നു.

പെയ്യുന്നേ മഴ ചറപറപെയ്യുന്നേ.

പുഞ്ചപ്പാടത്തിൽ വെള്ളം നിറഞ്ഞേ,തോടുകൾ എല്ലാം നിറഞ്ഞൊഴുകി.

മഴ വന്നു... മഴ വന്നു....

കൂട്ടുകാരുടെ മുഖത്ത് പുഞ്ചിരി വിരിഞ്ഞേ.

പുള്ളിക്കുട വിരിച്ച്

കൂട്ടുകാർ സ്കൂളിലെത്തി

തോടുനിറഞ്ഞു പുഴനിറഞ്ഞു

വഞ്ചി എടുത്ത് തുഴഞ്ഞ് നീങ്ങി.

ആ സമയം ഞാനൊരു കവിയത്രിയായി.

മഴ പെയ്ത രാത്രിഞാൻ

സ്വപ്നമായി കണ്ടു. പ്രഭാതവും ഞാൻ മഴയെ കണികണ്ടു

തോടിൽ നോക്കുമ്പോൾ... കുഞ്ഞിക്കുറുമ്പുകൾ തുള്ളി കളിക്കുന്നു.

മഴ വന്നു... മഴ വന്നു...

ഞാൻ ആ ചറപറ മഴയത്ത് തുള്ളിക്കളിച്ചു

പിന്നീട് ഞാൻ കാണുന്നത്...

നേഴ്സിനെയും ഡോക്ടറെയും

പിന്നീടാണ് എനിക്ക് പനിയാണെന്ന് ഞാൻഅറിഞ്ഞും .

അതോടെ ഞാൻ നിർത്തി എന്റെ മഴ ആഘോഷം

(നവിജിത്ത് എ.)

# ഞങ്ങളുടെ പ്രതീക്ഷ




ഒരു ദിവസം ഞാനും എൻ

അനിയത്തിയും അച്ഛൻ വരുന്നതും

കാത്ത് വീടിന്റെ വരാന്തയുടെ പടിയിൽ

കാത്ത് നിന്നു  സമയം അങ്ങനെ

രാത്രി സമയത്ത് അമ്മ മോളെ

ചോറ് എന്ന് പറഞ്ഞു വന്നു

അച്ഛൻ വരട്ടെ എന്ന് എന്ന് എന്ന്

എന്തിന് എന്നുള്ള അമ്മയുടെ

ചോദ്യം

അച്ഛൻ വരുമ്പോൾ ഓണക്കോടി

കൊണ്ടുവരും അമ്മേ....

ഞങ്ങൾ ഭക്ഷണം കഴിക്കുന്ന

നേരത്ത് വണ്ടിയുടെ ശബ്ദം

ഞങ്ങൾ ഓടി പോയി

അച്ഛന്റെ അടുത്തേക്ക്

അച്ഛന്റെ കൈയിൽ

ഒരു ഫോൺ മാത്രം

ഞങ്ങളുടെ കണ്ണിൽ നിന്ന്

കണ്ണനീര് മഴയായി പൊഴിഞ്ഞു

ശ്രീഹരി കെ.

# മുറിവേറ്റ ഭൂദേവി

ചിതറിത്തെറിക്കുന്ന കൽ –
ദ്രാവകത്തിൽ നിന്നവൾ
ഒരു ഗോളമായ് പരിണമിച്ച
കനൽപക്ഷിയായവൾ
പറന്നു നീങ്ങി അനന്തത –
യിൽ നിന്നൊരു മാന്ത്രികസ് –
പർശമേറ്റിവളൊരു പച്ചപ്പറ –
യായി കലഹരണപ്പെട്ട
ബൃഹത് ജീവികളുടെ ഗേഹ–



മായി വനസമ്പന്നമായ
പുഴവായ ദേഹിയൊരു
വൃക്ഷമായി അനന്തരം
ബുദ്ധിമാന്മാരുടെ
ദേവിയായി വിടർന്ന



മുഖവുമായ് അവൾ
വസിക്കവെ ബുദ്ധി –
രാക്ഷസന്മാരുത്ഭവിച്ച്
അവളുടെ ദേഹത്ത്
മുറിവേൽപ്പിച്ചവർ
വസിച്ചു പോന്നു അവർ
യന്ത്രകരങ്ങളാൽ അവളുടെ
അംഗങ്ങൾ വെട്ടിമാറ്റി

മുറിവേറ്റു പോയവൾക്ഷമാ ഗോപുരം തകർ –

ത്തെറിഞ്ഞു ദുഃഖത്തിൻ

വഞ്ചിയിൽ നിന്നവൾ

ഒരു അണുവായി സൂഷ്മ

ജീവിയായവൾ ബുദ്ധിരാ –

ക്ഷസരെ കൊന്നൊടുക്കി

അവളുടെ മുറി മൊരാ–

യുദമാക്കി വളൊരു

വെള്ളപ്പെക്കായി ഭൂകമ്പമാ–

യവളുടെ ഗർജനം

ആഞ്ഞടിച്ചു ആ മുറിവിൽ

നിന്നു വന്ന ചൂട്ടു കോപംഒര –

രുവിയായി പച്ചപ്പിൻ സ്നേ–

ഹത്തിൽ മാത്രമേ ആ വൻ

മുറിവ് എരിഞ്ഞു തീരു

# ഇരുളിലും നീയാണമ്മ

നീണ്ട ഒമ്പത് വർഷങ്ങൾ..........

ഇരുണ്ട ക്ലാസ് മുറിയുടെ ഭിത്തിയിൽ അലയടിച്ചു കൊണ്ടിരിക്കുന്ന റീന ടീച്ചറുടെ ശബ്ദം.

"മീര നാൽപതിൽ മുപ്പത്തിരണ്ട് മാർക്ക്, അശ്വിൻ മുപ്പത്തിയാറ് മാർക്ക്, ആയിഷ ഇരുപത് മാർക്ക്".

ടീച്ചറുടെ കയ്യിൽ പേപ്പർ കെട്ട് കുറഞ്ഞു കുറഞ്ഞു വന്നു. അവസാനത്തെ ആ ഒരു പേപ്പർ അത് ഏറ്റുവാങ്ങാൻ നിൽക്കുന്ന ആമിന. ടീച്ചർ അത് ഉച്ചത്തിൽ പറഞ്ഞു.

" ആമിനാ....... നാൽപതിൽ നാൽപത് മാർക്ക്".

എല്ലാ കുട്ടികളുടെയും കൈയ്യടി ശബ്ദം അവളുടെ കാതുകളിൽ അലയടിച്ചു. ഫിസിക്സ് പരീക്ഷയുടെ മാർക്ക് കിട്ടിയ സന്തോഷത്തിൽ ആയിരുന്നു ആമിന. അന്ന് വീട്ടിലേക്ക് പോകാൻ എന്തെന്നില്ലാതെ അവൾ കൊതിച്ചു. ഒറ്റമുറി വീട്ടിൽ ജനലിലൂടെ മകളുടെ വരവും കാത്തു കിടക്കുന്ന കിടപ്പ് രോഗിയാണ് ആമിനയുടെ അച്ഛൻ. ആമിനയും അവളുടെ അച്ഛനും അതാണ് അവരുടെ ലോകം. തുള്ളിച്ചാടി വീട്ടിലെത്തിയ അവൾ അച്ഛനോട് കാര്യം പറഞ്ഞു. മറുപടി പറയാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അച്ഛൻ. അച്ഛൻറെ കണ്ണിൽ നിന്നു വന്ന ആ കണ്ണുനീർത്തുള്ളി അവൾ ആഗ്രഹിച്ചതിനുള്ള ഉത്തരം ആയിരുന്നു. വീട്ടുജോലികൾ ചെയ്തു അച്ഛനെ ശുശ്രൂഷിച്ചാണ് അവൾ സ്കൂളിലേക്ക് പോകുന്നത്. ഒന്നിനും സമയമില്ല. ഏകയായി ആമിന ഒരു അമ്മയുടെ ജോലികൾ ആ വീട്ടിൽ ചെയ്യുന്നുണ്ട്. ഒന്ന് പഠിക്കാൻ പോലും നേരം ഇല്ലാത്ത അവസ്ഥ. രാവിലെ പണികൾ തീർത്തു അവൾ സ്കൂളിൽ പോകുകയാണ്.

" ഉപ്പ ഞാൻ പോയി വേഗം വരാട്ടോ". അവൾ വീട്ടിൽ നിന്ന് ഇറങ്ങി. അയലത്തെ വീട്ടിൽ മുറ്റം അടിക്കുകയായിരുന്നു അവിടത്തെ ഉമ്മയോട് യാത്രപറഞ്ഞ് അവൾ സ്കൂളിലേക്ക് പോയി.

"ഫാത്തിമ താത്ത ഞാൻ പോയിട്ട് വരാം ഇടക്കൊന്നു ഉപ്പാനെ നോക്കണേ".

"ആ മോളെ നീ പോയേച്ചു വാ"ഉമ്മ മറുപടി നൽകി.

അവൾ ഒന്നു ഉറങ്ങിയിട്ട് കാലം ഒരുപാട് ആയി. ഒന്ന് ബസ്സിൽ കയറിയപ്പോൾ ആണ് അവൾ ഒന്നും മയങ്ങുന്നത്. ഉറക്കത്തിലേക്ക് വഴുതി വീഴുമ്പോഴേക്കും അച്ഛൻറെ അസ്വസ്ഥതനീയമായ ചുമയും പുരക്കലും കേട്ട് അവൾ ഉണർന്ന് അച്ഛന് കൂട്ടായിരിക്കും. കാലം നീണ്ടുപോയി.

അച്ഛനെ അസുഖം കൂടി വന്നു. പഠനത്തിൽ മിടുക്കിയായിരുന്ന അവൾക്ക് എല്ലാദിവസവും പോകാൻ കഴിയാതെ വന്നു എന്നിരുന്നാലും അവൾ പഠിച്ചു. ഒരു ദിവസം സ്കൂൾ വിട്ടു വരികയായിരുന്നു ആമിന. നടക്കുമ്പോൾ തെരുവ് നായകൾ അവളോടൊപ്പം നടക്കുകയാണ് എന്തെന്നില്ലാത്ത ഭയം അവളിൽ ഉണ്ടായി. വേഗത്തിൽ നടന്നു നായകൾ നിശബ്ദവാൻ മാരായിരുന്നു. അവൾക്ക് കാവലാളായി കൂട്ടിന് നടക്കുകയായിരുന്നു ആ നായകൾ. ആ ദിവസം അവളുടെ കൂടെ കൂട്ടിന് ആരോ വേണം എന്ന രീതിയിലാണ് ആ നായകളുടെ പെരുമാറ്റം.

**വീട്ടിലെത്തി വീട് നിശബ്ദം. അകത്തെത്തി അച്ഛാ എന്നൊരു വിളിയിൽ  വിചാരിച്ച കേൾക്കാറുള്ള തട്ടല് കേട്ടില്ല. ആ ശരീരം വെറും ശരീരമായി മാറി കഴിഞ്ഞിരുന്നു.**

**എന്തു ചെയ്യണം എന്നറിയാതെ അവൾ അച്ഛൻ്റെ മാറിൽ തലവെച്ച കിടന്നു. കാലം ഒരു തീവണ്ടി പോലെ കടന്നുപോയി ഇന്ന് പതിനഞ്ച് വയസ്സ്. വകയിൽ ഒരു മാമനാണ് അവളെ നോക്കുന്നത്. അവിടെയും അവൾ വേലക്കാരിയായിരുന്നു. എങ്കിലും അവൾ ആഗ്രഹിച്ച പഠനം അത് മുന്നോട്ടുകൊണ്ടുപോകാൻ അവൾ ശ്രമിച്ചു. ക്ലാസ് കഴിഞ്ഞ് തിരിച്ച വന്നപ്പോൾ അതാ വീട്ടിൽ കുറെ അതിഥികൾ.**

**കബനി വിനോദ്**

# വിശപ്പ്



പഴയ ഒരു വീട് മാറാല പിടിച്ച പൊടിയും അഴുക്കും പിടിച്ച ചുമര് . വവ്വാലും എലികളും താവളമാക്കിയ അത് എല്ലം തോലുമായ ഒരു വൃദ്ധന്റെ ആണ്. അയാൾ വീടിന്റെ വരാന്തയിൽ കിടക്കുകയാണ്. രാവിലെ അയാൾ കയ്യും നീട്ടി തെണ്ടാൻ ഇറങ്ങും കിട്ടിയ കായയോ വല്ലതും തിന്നും. രാത്രിയായാലോ .... സ്വന്തം വരാന്തയിൽ വന്ന് കിടത്തം .

ഒരു രാത്രി നല്ല മഴയിൽ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ട് അയാൾ ഉണർന്ന് അയാൾ ഓടി. കുഞ്ഞ് കയ്യും കാലുമിട്ട് അടിക്കുന്ന ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടിയാണ് എന്ന് അയാൾക്ക് മനസ്സിലായി. കയ്യിൽ കുഞ്ഞിന് കൊടുക്കാൻ ഒരു തുള്ളി വെള്ളമില്ല.ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ ആ വൃദ്ധനെങ്ങനെ ആ കുഞ്ഞിന് നാലു നേരത്തെ ആഹാരം കൊടുക്കും. വൃദ്ധന്റെ മനസ്സിൽ ഒരു ദയ മുളപൊട്ടി.

പക്ഷെ എന്ത് ചെയ്യാൻ അയാൾ ആ പിഞ്ചു കുഞ്ഞിനെ ഉപേക്ഷിക്കാനൊരുങ്ങി. പക്ഷെ അയാളുടെ മനസ്സ് അതിനു സമ്മതിക്കുന്നില്ല. അടുത്ത ദിവസം അയാൾ ആ പിഞ്ചുകുഞ്ഞുമായി തെണ്ടാനിറങ്ങി.ഒരു ആൽമരത്തിന്റെ ചുവട്ടിൽ വന്നിരുന്നു. അപ്പോൾ സ്കൂൾ കുട്ടികൾ സ്കൂളിലേക്ക് പോകുന്ന സമയം ഒരു കുട്ടി അയാളുടെ കോലം കണ്ട് അയാൾക്ക് വെള്ളം കൊടുത്തു.

സന്തോഷം കൊണ്ട് ആ വൃദ്ധൻ കുഞ്ഞിനേയും കൊണ്ട് റോഡിലെക്ക് ഇറങ്ങി. ഒരു നിമിഷം രണ്ടു പേരും വണ്ടി ഇടിച്ച തെറിച് റോഡിൽ വീണു. ആളുകൾ കൂടി. വിശപ്പ് മാറിയതിന്റെ സന്തോഷവും വണ്ടിയിടിചതിന്റെ വേദനയും .വിശപ്പ് ലോകത്ത് ആയിരങ്ങളുടെ ജീവൻ കളയുന്നു. വിശപ്പ്!

സൂര്യനന്ദന കെ

# ചോദിക്കുന്നവൾ   അമ്മയോട്



ഒരുപാട് സ്വപ്നം കണ്ടവൾ അറിഞ്ഞില്ല

അടയും തൻ ജീവൻവെളിച്ചം തനിക്കായൊരുക്കിയ കതിർമണ്ഡപമാണെൻ

കുരുതിക്കളമെന്ന് പഠിക്കാനൊരുപാടിഷ്ടമുണ്ടെന്ന് പറഞ്ഞിട്ടും

മുറുക്കി എൻ കഴുത്തിലൊരു കുരുതി മാല അടച്ചുകളഞ്ഞെന്നെ ഇരുളറയിൽ ചവിട്ടും

കുത്തുമേറ്റു കഴിഞ്ഞവൾ കുപ്പികൾ,

സൂചിമുനകൾ നിറഞ്ഞ

അറയിൽ കിടന്നവൾ

ഉയരുന്ന പുകച്ചുതള്ളുന്ന ഗന്ധം

പരക്കുന്ന മുറിയിൽ

സഹിച്ചു കഴിഞ്ഞിട്ടും ദുഷ്പേര് എന്നും അവൾക്ക് മാത്രം

പെറ്റു പോറ്റിയ അച്ഛനമ്മമാർ തന്നെ പഴിക്കുന്നു അവളെ

മടുത്തു തൻ ജീവിതം എന്നും പറഞ്ഞവൾ

ഒതുക്കി തൻ ജീവിതം ഒരു മുഴം കയറിൽ

ചേതനയറ്റ ശരീരം കുടന്നാടുന്ന ആ ഇരുളറയിൽ

മേശപ്പുറത്തുണ്ടൊരു കടലാസു കഷണം

പെറ്റമ്മയോടു അവസാനമായി ചോദിച്ചവൾ

എന്തിനാമ്മേ പെണ്ണായി ജനിപ്പിച്ചെന്നേ

പെണ്ണൊരു കുരുതി മൃഗമോ.

നേഹ പി.വി.

# പാവം വൃദ്ധന്റെ വിശപ്പ്

ഒരിടത്ത് അനു എന്ന് പറയുന്ന പെൺകുട്ടിയുണ്ടായിരുന്നു.അവൾ രാവിലെ എഴുന്നേറ്റ് സ്കൂളിലേക്ക് പോയി.അവളുടെ കളി സ്ഥലമായിരുന്ന ആൽമര ചുവട്ടിൽ ഒരു വൃദ്ധനെ കണ്ട് സങ്കടമായി അവൾ പഠനം ശ്രദ്ധിക്കാതെ ആ വൃദ്ധനെ മാത്രം നോക്കിയിരുന്നു. പെട്ടെന്ന് ടീച്ചർ അവളെ വിളിച്ചു. അവൾ ക്ലാസ് ശ്രദ്ധിക്കാതിരുന്നതു കൊണ്ട് ടീച്ചർ വഴക്ക് പറഞ്ഞു. ഞാൻ എങ്ങനെ ടീച്ചറോട് പറയും അവൾ പറഞ്ഞു വെള്ളം കുടിക്കേണ്ട സമയമായി.“ ഇന്ന് പാൽ ഉണ്ടോ ടീച്ചറോട് ചോദിച്ചു.“ആ നിന്ന് പാൽ ഉണ്ട് ടീച്ചർ പറഞ്ഞു.അവൾ പാൽ വാങ്ങി ഒരു കുപ്പിയിൽ ആക്കി.അവൾ കൈയിൽ വെച്ചു. കുറച്ച് നേരം കഴിഞ്ഞപ്പോൾ ചോറ് കഴിക്കേണ്ട സമയമായി.അവൾ കൊണ്ടുവന്ന ചോറ് കഴിച്ചില്ല.അവൾ ഓടി പോയി ആ വൃദ്ധനെ നോക്കി ആ വൃദ്ധൻ ആ ആൽമര ചുവട്ടിൽ വിശന്ന് കിടക്കുന്നുണ്ടായിരുന്നു. അവളുടെ സ്കൂളിൽ മീറ്റിംഗ് ഉള്ളത് കൊണ്ട് നേരത്തെ സ്കൂൾ വിടുമായിരുന്നു അവൾ ക്ലാസ് കഴിഞ്ഞ് കളിക്കാൻ പോയി അവൾ എന്നും പോകുന്ന ആൽമര ചുവട്ടിലായിരുന്നു കളി.പുറകിൽ നിന്ന് കുട്ടികൾ കൂക്കി ഒച്ച ഉണ്ടാക്കി അവളെ കളിയാക്കുന്നു അവൾ തിരിഞ്ഞു നോക്കുന്നില്ല. അവൾ നേരത്തെ മാറ്റിവച്ച പാലും അവളുടെ ഇഷ്ടപ്പെട്ട ഭക്ഷണമായ ചോറും തേങ്ങ ചമന്തിയായിരുന്നു അവൾ ആ വൃദ്ധന് കൊടുത്തത്.അവൾ ആ വൃദ്ധനെ കണ്ട് കരഞ്ഞു.കറുത്ത് മെലിഞ്ഞുണങ്ങിയ ദേഹം, ചുളിവും കൂട്ടിയ മുഖം അവർ പല്ല് പുറത്തുകാട്ടി ചിരിച്ച് കൊണ്ട് ആർത്തിയോടെ തിന്നു.

അർച്ചന കെ

# മാതൃത്വത്തിന്റെ നൊമ്പര ഭാവങ്ങൾ

മനസ്സിലെ ഓർമകൾ, ഓർമകൾ മാത്രമായ്,

ഉള്ളം ഇരുണ്ടതായി മാറുന്നുവോ 'അമ്മേ' എന്ന വിളികൾ

വീണ്ടും വീണ്ടും കേൾക്കാൻ കൊതിച്ചു പോയി,

കണ്ടു കൊതി തീർ-

ന്നില്ലല്ലോ, കൊച്ചു

പാദസരത്തിൻ കിലുക്കം

കേട്ടു മതിയായില്ലല്ലോ,

മിന്നാമിനുങ്ങിൻ നുറു-

ങ്ങുവെട്ടം, മെല്ലെ മെല്ലെ നറുങ്ങി പോവുകയായി,

മൂക്കുത്തി അമ്മയുടെ അനുഗ്രഹത്താൽ

ഏറെ നാൾക്കൊട്ടുവിൽ പിറന്ന ഈ കൺമണിയെ

അവസാന നോക്കു കാണുവാൻ പോലും,

കടലമ്മ ഈ അമ്മയെ

സമ്മതിച്ചില്ല പിച്ചവച്ചു നടക്കുന്നത് പോലും

കണ്ടു തീർന്നതില്ല

അന്തിയാവോളം കാത്തു ഞാൻ, ആ-

പാറയിടുക്കിൽ വിഷാദ-

വതിയായ് എന്നാൽ കടലമ്മ അവളെ നാട്ടു ച്ചുറ്റാനായി കൊണ്ടുപോയി

അമ്മേ, എന്റെ ആ കൺമണിയെ തിരിച്ചു നൽകാൻ അമ്മ കനിയേണം.

സ്വർഗഗൃഹത്തിൽ അവൾ കളിക്കുന്നത് കാണിക്കുവാനായ് ,

എന്നെയും കൂടൊന്നു കൊണ്ടുപോകു ......
വയ്യ എനിക്കീ ഭാരവും പേറി ഈ മണ്ണിൽ തനിച്ചായ്
ജീവിക്കുവാൻ .

ദേവിക എ

# തീരാത്ത നൊമ്പരം

'അമ്മേ ....'
'അമ്മേ ....'
ഉറക്കത്തിന്റെ ആഴങ്ങളിലേക്ക് വഴുതി വീഴും മുമ്പേ അവർ ഇരുവരും പതിവു പോലെ വിളിച്ചു . ഒരു നിമിഷം പോലും വൈകിക്കാതെ അമ്മ മറുവിളി നൽകി 'മക്കളേ .... " കിടക്കയിൽ നിന്നും എഴുന്നേറ്റ് അമ്മ ജനലിന്റെ കമ്പികൾക്കിടയിലൂടെ അപ്പുറത്തെ പുല്ലുമേഞ്ഞ കുടിലിലേക്ക് നോക്കി , വിതുമ്പി . "എന്തിനാ മക്കളെ എന്നോടു പറയാതെ നിങ്ങൾ ആ കുടിലിലേക്ക് പോയി ? " കണ്ണുനീർ പൊഴിച്ചു കൊണ്ട് വെണ്ണിലാ ചന്ദനക്കിണ്ണത്തെ നോക്കി, കഴിഞ്ഞു പോയ കാലങ്ങളിലേക്ക് അവർ സഞ്ചരിച്ചു. ഇരുട്ടിന്റെ അന്തതയിലേക്ക് നോക്കി അവർ ഓർത്തു.
വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനൊടുവിൽ 'അമ്മേ' , 'അച്ഛാ , എന്ന വിളിക്കാനായി രണ്ട് ഇരട്ടക്കുട്ടികൾ തങ്ങളുടെ തിരക്കേറിയ ജീവിതത്തിലേക്ക് കടന്നു വരികയാണ്.
മാസങ്ങൾ പിന്നിട്ടു.
ആ കൺമണികൾ അച്ഛന്റെ കൈകളിലേക്ക് ആദ്യമായി വരുകയാണ്.
വർണാഭമായ പുലരിയിൽ കരച്ചിലിന്റെ കുഞ്ഞു ശബ്ദത്തോടെ ആ രണ്ടു മാലാഖമാർ ആശുപത്രിയിലേക്ക് തന്റെ ഓമനപ്പൂവിതളുകളെ കാണാനായി കാറിൽ വരുകയാണ്. മുന്നിലെ വളവിൽ നിന്ന് ചീറിപ്പാ െഞ്ഞെത്തിയ മരത്തടി കയറ്റിയ ലോറി ആ കാറിന്റെ മുൻഭാഗം ചതച്ചെരിച്ചു. പ്രതീക്ഷയുടെ കിരണങ്ങളെ കത്തി നശിപ്പിച്ച് ആ ലോറി കാറിനെ ശ്രദ്ധിക്കാതെ ചീറിപ്പാഞ്ഞു . ആശുപത്രി ക്കിടയിൽ തന്റെ കുഞ്ഞുങ്ങളെയും കെട്ടിപ്പിടിച്ച് അവർ അലമുറയിട്ട് കരഞ്ഞു .
ദിവസങ്ങൾ കഴിഞ്ഞു.
ആ സ്ത്രീയുടെ വാത്സല്യവും ലാളനയും കൊണ്ട് കുട്ടികളെ തങ്ങളുടെ അവർ വളർത്തി. പിഞ്ചോമനകൾക്കു വേണ്ടി പകലത്തിയാളം പണിയെടുത്തു. അപ്പുറത്തെ ചേട്ടന്റെ കൂടെയാണ് അവർ എന്നും ഉണ്ടാവുക. അവനെ അമ്മുവിനും മാളുവിനും എന്തിഷ്ടമാണെന്നോ! സ്വന്തം കൂടെപ്പിറപ്പിനെ പോലെയാണവർ എന്നും കണ്ടിരുന്നത്. അവന്റെ കരുതലും സ്നേഹവും അമ്മയെ വളരെയധികം സന്തുഷ്ടയാക്കി. ആ കള്ള സ്നേഹമാണ് അമ്മയെ വളരെയധികം വിഷമിപ്പിച്ചതും. ജോലി കഴിഞ്ഞു അവശയായി വന്ന അമ്മ കാണുന്നത് കത്തി നശിക്കുന്ന പുൽക്കുടിലാണ്. അമ്മയില്ലാത്ത തക്കം നോക്കി അവൻ ആ കുട്ടികളെ തന്റെ കള്ളക്കെണിയിൽ . കുടുക്കി കുടിലിലേക്ക് കൊണ്ട് പോയി.... . തന്റെ ഓമനകളെ ക്രൂരമായി കൊലപ്പെടുത്തിയ 16 വയസ്സുകാരനെ ശിക്ഷിക്കണമെന്ന് അമ്മയുടെ മനസ്സ് ആവർത്തിച്ച് പറഞ്ഞു.

ശ്രേയ പി

# പിഞ്ചുബാല്യത്തിന്റെ നൊമ്പരം

ഒരിടത്ത്ഒരിടത്ത് ഒരു മീനുക്കുട്ടി ഉണ്ടായിരുന്നു.അവളുടെ വീട്ടിൽ ഉദ്യോഗസ്ഥന്മാർ ആയ അച്ഛനും അമ്മയും മാത്രമായിരുന്നു ഉണ്ടായിരുന്നത്.അവർ രാവിലെ തന്നെ ജോലിക്ക് പോകുമായിരുന്നു മീനുക്കുട്ടി സ്ക്കുളിലേക്കും അങ്ങനെ ഒരു ദിവസം അവള് സ്ക്കുളിലേക്ക് പോയി അവൾക്ക് സ്ക്കുളിൽ കൂട്ടുകാർ ഒന്നും ഉണ്ടായിരുന്നില്ല അവള് എന്നും ഒറ്റക്കായിരുന്നു.ബാല്യത്തിൻ്റെ നൊമ്പരം നുകർന്ന് പറന്നുനടക്കേണ്ട പൂമ്പാറ്റയായ മീനിക്കുട്ടി ഒറ്റപ്പെടലിൻ്റെ നൊമ്പരം നുകർന്ന് തകർന്ന് ഇരിക്കുകയായിരുന്നു വൈകുന്നേരം ആയപ്പോൾ അവള് വീട്ടിൽ വന്നു വരുമ്പോഴേക്കും വീട്ടിൽ ആരും ഉണ്ടാകാറില്ല അവൾക്ക് കൂട്ടിന് മൊബൈൽ ഫോൺ മാത്രം അച്ഛനും അമ്മയും വരുമ്പോഴേക്കും രാത്രി ആകുമായിരുന്നു വീട്ടിൽ ചെന്നാൽ അവള് ഫോണിൻ്റെ മിത്രമായിരുന്നു അങ്ങനെ സന്ധ്യായായപ്പോൾ അച്ഛനും അമ്മയും വന്നു വന്നാലുടൻ അവർ ലാപ്ടോപിന് മുൻപിലായിരിക്കും വാത്സല്യത്തിൻ്റെ മാധുര്യം ഇന്നേവരെ അവള് അറിഞ്ഞിട്ടില്ല മീനുക്കുട്ടിയെ അവരുടെ തിരക്കിനിടയിൽ അവർ മറന്നു പോയി എന്ന് പറയാം മൊബൈൽ എടുത്ത് കതകടച്ച അവള് മുറിയിൽ ഒറ്റക്കിരിക്കും മീനുക്കുട്ടിക്ക് ആവശ്യത്തിലധികം പണവും നൽകും അവൾക്ക് നേരിട്ട് സുഹൃത്തുക്കൾ ഒന്നും ഇല്ലെങ്കിലും ഓൺലൈനിൽ ഒരുപാട് സൗഹൃദങ്ങൾ ഉണ്ടായിരുന്നു അങ്ങനെ ഓൺലൈനിൻ്റെ  അടിമയായി കഴിഞ്ഞു ഒടുവിൽ അവള് ലഹരി മാഫിയയുടെ ഒരു കണ്ണിയായി മാറി അച്ഛനും അമ്മയും അറിയാതെ ലഹരി ഉപയോഗിക്കാൻ തുടങ്ങി അങ്ങനെ ഒരു ദിവസം അച്ഛൻ ഫോൺ നോക്കുമ്പോൾ ഒരു മെസ്സേജ് കണ്ടു പലതവണയായി അച്ഛൻ്റെ അക്കൗണ്ടിൽ നിന്നും പണം വിഡ്രോ ചെയ്തിരിക്കുന്നു  അച്ഛൻ അമ്മയോട് ചോദിച്ചു അമ്മയല്ല അങ്ങനെ മീനുക്കുട്ടിയെ വിളിച്ചു മീനൂ........ അവള് അച്ഛനരികിൽ വന്നു അച്ഛൻ കാര്യം അന്വേഷിച്ചു അവള് മറുപടി പറഞ്ഞില്ല തല താഴ്ത്തി നിന്നു മീനുക്കുട്ടിയാണ് അങ്ങനെ ചെയ്തതെന്ന് അവർക്ക് മനസ്സിലായി എന്തിനാണ് എന്ന് ചോദിച്ചു അവള് അച്ഛൻ്റെ ചോദ്യം ധിക്കരിച്ച് മുറിയിലേക്ക് പോയി അച്ഛൻ അവളുടെ ഫോൺ പരിശോധിച്ചു അവർക്ക് കാര്യം മനസ്സിലായി അവളുടെ അച്ഛൻ അവളെ സർക്കാരിൻ്റെ വിമുക്തിയിൽ കൊണ്ട് വിട്ടു കൗൺസിലിംഗ് നൽകിയപ്പോൾ കാര്യം എല്ലാം മനസ്സിലായി മീനുക്കുട്ടിയുടെ ഭാഗത്ത് തെറ്റ് ഒന്നുമില്ല ഇന്ന് പലവീടുകളിലും നടക്കുന്ന കാര്യമാണിത് ഒറ്റപ്പെട്ടു തുടങ്ങുമ്പോൾ പതിയെ നാം ലഹരിയുടെ തടങ്കലിൽ അകപ്പെട്ടു പോകും അതേസമയം കൂട്ടുകാരും കുടുംബവും ഒപ്പമുണ്ടെങ്കിൽ അവരാകും നമ്മുടെ ലഹരി ഇനിയെങ്കിലും സ്വന്തം കുട്ടികൾക്ക് വാത്സല്യം നൽകി അവരോടൊപ്പം നിൽക്കുക.

പണമല്ല വിലയേറിയത് സ്നേഹമാണ്.

ആവണി. പി

# പിറന്നാൾ സമ്മാനം

കാറ്റ് വന്ന് മെല്ലെ അവളുടെ മുടിയിഴയിൽ തലോടി. നീണ്ട ആ വരാന്തയുടെ ഏകാന്തതയിൽ അവൾ ഇരിക്കുകയാണ്. കോലായിയിൽ നിന്നും പുറത്തേക്ക് നോക്കുമ്പോൾ അവൾക്ക് ഗർജിച്ച് മുരളുന്ന കടൽ കാണാം. ആകെ മൂകമയം. ഇന്നലെ ശാരദാമ്മയുടെ കൂടെ അച്ഛനേയും അമ്മയേയും വിളിച്ചതാണവൾ. തനിക്ക് പിറന്നാൾ സമ്മാനം കൊണ്ടുവരാൻ പറഞ്ഞിരുന്നു. ശാരദാമ്മയെ അവൾ ഇന്നുവരെ പട്ടുസാരി ഉടുത്തു കണ്ടിട്ടില്ല. അതിനാൽ അതും വാങ്ങാൻ പറഞ്ഞിട്ടുണ്ട്.ജനിച്ച് ഏഴ് മാസം തികയുമ്പോൾ ശാരദാമ്മയെ ഏൽപ്പിച്ച് അച്ഛനും അമ്മയും വിദേശത്തേക്ക് പോയി. 12 വയസ്സ് തികഞ്ഞിരിക്കുന്നു. ഇതിനിടയിൽ അമ്മ രണ്ടോ മൂന്നോ പ്രാവശ്യം വന്നിട്ടുണ്ട്. അച്ഛനെ കണ്ടിട്ടില്ല. അച്ഛന്റെ ലാളനയോ സ്നേഹമോ അവൾ അനുഭവിച്ചിട്ടില്ല. അച്ഛൻ വിളിച്ചാൽ പറയും മോൾക്ക് പന്ത്രണ്ട് വയസ്സാകുമ്പോൾ ഞങ്ങൾ വരും. പിന്നെ എവിടേയും പോവില്യ...

ഒരു ഞെട്ടലോടെ അവൾ എണീറ്റു. തളർന്ന് അവശയായ ശാരദാമ്മയോട് ചോദിച്ചു. എന്താ ശാരദാമ്മേ അവൾ എന്നെ പറ്റിച്ചത്? എവിടേയും പോവില്ല എന്ന് പറഞ്ഞിട്ട്... ശാരദാമ്മ അവളെ അടക്കി പിടിച്ചുകൊണ്ട് പറഞ്ഞു " അവർ എവിടേയും പോയിട്ടില്യ. നിന്റെ കൂടെ തന്നെയുണ്ട്." ഇന്നലെ രാത്രി ശാരദമ്മയോട് അവർ വന്നാൽ ഉള്ള യാത്രകളെ പറ്റിയും സ്വപ്നങ്ങളെ പറ്റിയും പറഞ്ഞു കൊണ്ടായിരുന്ന അമ്മു ഉറങ്ങിയത്. നാളെയുള്ള പിറന്നാളിന് അവർ കൊണ്ടുവരുന്ന സമ്മാനം എന്താണെന്നോർത്ത് അവൾ സ്വപ്നം കണ്ടു. പുലർച്ചയാണ് ടെലിഫോണിന്റെ ശബ്ദം കാതിൽ വന്നലച്ചത്. ശാരദാമ്മ ഉറക്കമയത്തോടെ ഫോണെടുത്തു. കേട്ടത് ഒരു അപരിചിത ശബ്ദമാണ്. ആരാ? എന്നാ ഈ പാതിരാത്രിക്ക്? ഇത് ജോസഫ് സാറിന്റെ വീടാണോ? അതെ. ജോസഫ് സാറും മിസ്സിസ് ജോസഫ് സാറും ഇന്നലെ വിമാനപകടത്തിൽ അന്തരിച്ചു. എന്റെ ഈശോ!എന്റെ കുഞ്ഞ് ഇനി... ശാരദാമ്മ നിശ്ചലയായി. അമ്മു ഉറക്കമെണീറ്റ് മുറി തുറന്നു.അവൾ ഉറക്കെ വിളിച്ചു, അച്ഛാ, അമ്മേ... രാവിലെ വരും എന്നല്ലേ പറഞ്ഞേ എവിടെ എന്റെ പിറന്നാൾ സമ്മാനം? അവൾ കോണിപ്പടികളിറങ്ങി. താഴെ കുന്തിരിക്കം പുകയുന്നു. ആകെ ബഹളമയം. വാവിട്ട് കരയുന്ന നിലവിളികൾ . അവൾ താഴേക്കിറങ്ങി നോക്കി. വെള്ള പുതപ്പിച്ച രണ്ട് ജഡങ്ങൾ. കാലുകൾ കൂട്ടിക്കെട്ടിയിരിക്കുന്നു. അവൾ വെള്ള പുതപ്പ് മാറ്റി അവരുടെ നെറ്റികളിൽ അവസാനമായി ചുംബിച്ചു. അവൾ അവരെ കെട്ടിപ്പിടിച്ച് ആദ്യമായും അവസാനമായും കിടന്നു. എന്തെ എന്നെ തനിച്ചാക്കി നിങ്ങൾ വീണ്ടും പോകുന്നു?എവിടെ എന്റെ പിറന്നാൾ സമ്മാനം? നിങ്ങൾ ഇത്രയും കാലം എനിക്കായി കരുതിയ പിറന്നാൾ സമ്മാനം ഇതാണോ? അവളുടെ ഈ ചോദ്യങ്ങളിൽ ചുറ്റം നിശബ്ദമായി. അവൾ തന്റെ പിറന്നാൾ കേക്ക് മുറ്റത്തേക്കെറിഞ്ഞു. കാക്കകൾ അത് കൊത്തി തിന്നു. ശാരദാമ്മ പുറത്തേക്ക് വന്നു ,"മോളേ അത് അച്ഛനും അമ്മയും കഴിക്കുകയാ." അവൾ കോലായിയിലൂടെ പുറത്തേക്ക് വന്ന് പറഞ്ഞു." ഒരു നിമിഷം കൊണ്ടല്ലേ എല്ലാം അവസാനിച്ചത്. ഞാൻ ഭാഗ്യമില്ലാത്തവളാ... എന്റെ അച്ഛനും അമ്മയും ഇന്നേവരെ എന്റെ കൂടെ ഒരു ദിവസം പോലും കഴിഞ്ഞിട്ടില്ല. ഞാൻ ശരിക്കും അനാഥയാണല്ലേ?"

അനഘ പി

# ആൽബം




**പ്രവേശനോത്സവം**





**പരിസ്ഥിതി ദിനാഘോഷം**







**ഓണാഘോഷം**




**കലോത്സവം ഉദ്ഘാടനം**








**പഠനയാത്ര**







**പ്രദർശനം- സോഫ്റ്റ്‌വെയർ ഫ്രീഡെ ഡേ**






**യുദ്ധവിരുദ്ധ റാലി- ഹിരോഷിമാ ദിനം**

---

-----------------------------------

---------------------------

-----------